# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

A M U P SCHOOL
KARAKKAD - 1919



## എ.എം.യു.പി.സ്കൂൾ
## കാരക്കാട്

## അദ്ധ്യായം-1

### ആമുഖം

സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. സംസ്ഥാനത്ത് നടപ്പിലാക്കിയ "പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം" മുന്നോട്ട് വെയ്ക്കുന്ന ഏറ്റവും പ്രധാന ആശയം പൊതു വിദ്യാലയങ്ങളിലെ അക്കാദമിക നിലവാരം സമഗ്രമായി ഉയർത്തുകയെന്നതാണ്. മേൽപറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയ സമൂഹവും അദ്ധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി ശ്രമിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

## പൊതു ലക്ഷ്യങ്ങൾ

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠന പ്രവർത്തനവും അവരുടെ ഏറ്റവും ആസ്വാദ്യകരം ആക്കുന്നു.

* കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

* കലാ- കായിക - പ്രവൃത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

* ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രയോജനപ്പെടുത്തുന്നു.

* ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

* വിദ്യാർത്ഥികളും തമ്മിൽ, വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും, അധ്യാപകരും അധ്യാപകരും തമ്മിലും, അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

# അദ്ധ്യായം-2

## വിദ്യാലയ ചരിത്രം

ഏറ്റവും പിന്നോക്ക പ്രദേശമായ കാരനാട് കഴിഞ്ഞ 105 വർഷം മുമ്പ് ഓത്തുപള്ളിക്കൂടമായി സ്ഥാപിക്കപ്പെട്ടതും പിന്നീട് എൽ.പി സ്കൂളായും പിന്നീട് 1978-ൽ യു.പി സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടതാണ് ഇന്നത്തെ കാരനാട് എ.എം.യു.പി സ്കൂൾ. ഉയർന്ന ജനസാന്ദ്രതയും സവിശേഷതകളും ഭൂമിശാസ്ത്രപരവും സാമ്പത്തികവും സാമൂഹികവും ഉക്ക പ്രദേശമാണ് കാരനാട്. 99.5% ജനവിഭാഗങ്ങളും മുസ്ലിം പിന്നോക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്നു. സാമ്പത്തികവും വിദ്യാഭ്യാസപരമായും ഒരു മുരടിപ്പ് അനുഭവപ്പെടിരുന്ന ഈ പ്രദേശം ഇന്ന് വിദ്യാഭ്യാസപരവും സാമ്പത്തികപരവും വലിയ ഒരു കുതിച്ചുചാട്ടം ദർശിക്കാൻ കഴിയും. ബ്രിട്ടീഷ് കാലഘട്ടത്തിൽ മുസ്ലിം. പിന്നോക്ക ജനവിഭാഗങ്ങളുടെ ഉന്നതിക്കായി സ്ഥാപിക്കപ്പെട്ട ഈ സ്ഥാപനം പിന്നീട് മലബാർ ഡിസ്ട്രിക്റ്റ് ബോർഡിനു കീഴിൽ ആയി. ഈ വിദ്യാലയത്തിലെ സ്ഥാപകൻ വള്ളാട്ടുതൊടിയിൽ തറവാട്ടുകാരാണ്. ഇന്ന് ഈ വിദ്യാലയത്തിന്റെ ശ്രീ. അബ്ദുള്ള കുട്ടി

ഹാജി മാനേജരായുള്ള പെറിച്ച വാപ്പുഹാജി മെമ്മോറിയൽ എഡ്യുക്കേഷണൽ ട്രസ്റ്റിന്റെ കീഴിൽ ആണ് ഇന്ന് ഈ സ്ഥാപനം ഓണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ 12ാം വാർഡിൽ സ്ഥിതിചെയ്യുന്നു.

## അദ്ധ്യായം - 3

## പദ്ധതി രൂപീകരണ പ്രക്രിയ

അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് മുന്നോടിയായി പ്രാഥമിക എസ്. ആർ. ജി യോഗം നടത്തി. ഓരോ വിഷയത്തിലും കുട്ടികളുടെ നിലവാരം മികവുറ്റതാക്കുന്നതിനുതകുന്ന പ്രവർത്തനങ്ങളും പദ്ധതികളും കണ്ടെത്താനും പട്ടികപ്പെടുത്താനും ധാരണയായി. എല്ലാ അദ്ധ്യാപകരും പങ്കെടുത്തു. പാഠ്യവിഷയങ്ങൾക്ക് ആവശ്യമായ പ്രവർത്തനങ്ങളും രൂപപ്പെടുത്താൻ തീരുമാനിച്ചു. എസ്. ആർ. ജി, കൺവീനർ, വിദ്യാരംഗം കൺവീനർ, ഗണിത ക്ലബ്ബ് കൺവീനർ, ശാസ്ത്ര ക്ലബ്ബ് കൺവീനർ, സാമൂഹ്യശാസ്ത്ര കൺവീനർ എന്നിവർക്ക് ഈ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല നൽകി.

അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപീകരണവുമായി ബന്ധപ്പെട്ട് അദ്ധ്യാപകർ, PTA, MPTA അംഗങ്ങൾ, ഭിന്നശേഷി കുട്ടികളുടെ രക്ഷിതാക്കൾ, വിദ്യാർത്ഥി പ്രതിനിധികൾ, SRG, SSG അംഗങ്ങൾ പൂർവ്വവിദ്യാർത്ഥികൾ എന്നിവരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ചു. പ്രത്യേക പരിഗണന അർഹിക്കുന്ന പത്തോ 20 കുട്ടികൾ ഈ വിദ്യാലയത്തിൽ ഉണ്ട്. ഈ കുട്ടികൾക്ക് കൂടുതൽ പഠന സൗകര്യങ്ങളും പ്രത്യേക ശ്രദ്ധയും ഇനിയും നൽകേണ്ടതുണ്ട്. രക്ഷിതാക്കളുടെ ഭാഗത്ത് നിന്നുള്ള നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പദ്ധതി രൂപീകരണം തയ്യാറാക്കാൻ തീരുമാനിച്ചു.

## അദ്ധ്യായം - 4

## അവസ്ഥാ പഠനം

### അടിസ്ഥാന സൗകര്യങ്ങൾ

അടുത്ത കാലത്തായി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പല ശ്രമങ്ങളും നടന്നിട്ടുണ്ട്. ഒന്ന് മുതൽ ഏഴ് വരെയുള്ള ക്ലാസുകളിലായി ഡിവിഷനുകൾ പ്രവർത്തിക്കുന്നു. ഹെഡ്മാസ്റ്റർക്കു പുറമെ അദ്ധ്യാപകരും സ്റ്റാഫും ഈ വിദ്യാലയത്തിൽ സേവനം അനുഷ്ഠിക്കുന്നു. ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കും കമ്പ്യൂട്ടർ അധിഷ്ഠിത പഠനം സാധ്യമാകുന്നുണ്ട്. കൈറ്റ് നൽകിയ ലാപ്ടോപ്പുകളും പ്രൊജക്ടറുകളും വിദ്യാർത്ഥികളുടെ സാങ്കേതിക വിദ്യയുടെ മികവാർന്ന ഉപയോഗത്തിനായി കാര്യക്ഷമമായി സജ്ജീകരിച്ചിട്ടുണ്ട്. ഓരോ കുട്ടികൾക്കും സാങ്കേതിക പരിജ്ഞാനം ലഭ്യമാകുന്ന രീതിയിൽ പ്രത്യേകം തയ്യാറാക്കിയ ടൈംടേബിൾ പ്രകാരം IT ലാബ് അദ്ധ്യാപകരുടെ

മേൽനോട്ടത്തോടെ ഉപയോഗിക്കുന്ന രീതിയിൽ ഒരുക്കിയിട്ടുണ്ട്.

## സാമൂഹിക പങ്കാളിത്തം

ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഈ സ്ഥാപനത്തിന് കഴിഞ്ഞ കാലങ്ങളിൽ വിവിധ തരത്തിലുള്ള സഹായങ്ങൾ ലഭിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെയും പാലക്കാട് ജില്ല പഞ്ചായത്തിന്റെയും ഒരു സഹായവും ലഭിക്കുക ഉണ്ടായിട്ടില്ല. പരിമിതികൾ ഉണ്ടെങ്കിലും ആവശ്യമായ ഫർണിച്ചറുകൾ സ്കൂൾ മാനേജ്മെന്റ് നൽകിയിട്ടുണ്ട്. കാലാകാലങ്ങളിലുള്ള അറ്റകുറ്റപ്പണികൾ മുടങ്ങാതെ നടക്കുന്നുണ്ട്. SSA തുടർച്ചയായി സ്കൂൾ ഗ്രാന്റ്, ടീച്ചേഴ്സ് ഗ്രാന്റ് എന്നിവ നൽകി വരുന്നു. SSA ഫണ്ട് ഉപയോഗിച്ച് റാമ്പ് റെയിൽ നിർമ്മിച്ചിട്ടുണ്ട്. പഠന പഠനേതര പ്രവർത്തനങ്ങളെ സഹായിക്കുന്ന PTA, MPTA പൂർവ്വവിദ്യാർത്ഥി സംഘടന എന്നിവ നിലവിലുണ്ട്.

## പ്രശ്നങ്ങൾ വെല്ലുവിളികൾ

(1) ശക്തമായ പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സംഘടന, എം.പി.ടി.എ എന്നിവരുടെ ഇടപെടലോടെ മികച്ചതും കാര്യക്ഷമത ഉള്ളതുമായ വിദ്യാലയ അന്തരീക്ഷം മെച്ചപ്പെടുത്തേണ്ടതുണ്ട്.

(2) ഞങ്ങളുടെ ഗോത്രസമ്പ്രദായത്തിനെ വിടങ്ങിട്ട് പുതുതായി കാരണത്താൽ ഗോത്രസമ്പ്രദായത്ത് ആധുനികമായതോടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയ്ക്ക് ഏറെക്കുറെ പരിഹാരമുണ്ടായി. പ്രാദേശിക വിഭവങ്ങളെ ശരിയായ രീതിയിൽ ഇനിയും ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

(3) ഉയർന്ന അക്കാദമിക് വൈദഗ്ദ്ധ്യം ഉള്ളവരാണ് അദ്ധ്യാപകരിലും രക്ഷിതാക്കളുടെ ഇടപെടലുകളുടെ കുറവ് അക്കാദമിക് നിലവാരം ഇനിയും ഉയർത്താൻ തടസ്സങ്ങൾ സൃഷ്ടിക്കുന്നു.

(4) സ്ഥലപരിമിതി, നല്ലൊരു പച്ചക്കറിത്തോട്ടം പൂന്തോട്ടം എന്നിവ നിർമ്മിക്കാൻ തടസ്സങ്ങൾ സൃഷ്ടിക്കുന്നു.

(5) ഉച്ചഭക്ഷണം തയ്യാറാക്കാനുള്ള അടുക്കള അടച്ചുറപ്പില്ലാത്തതിനാൽ വർഷകാലങ്ങളിൽ മഴവെള്ളം ഉള്ളിലേക്ക് തെറിച്ചുവീഴുന്നതിനാൽ

ചില തടസ്സങ്ങൾ നേരിടുന്നു.

(6) കുട്ടികളുടെ ഗാർഹിക അന്തരീക്ഷം മെച്ചപ്പെട്ട പഠനം ലഭിക്കുന്നതിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നു.

(7) കലാപരിപാടികൾ നടക്കുമ്പോൾ കുട്ടികളെ മുഴുവനായി ഉൾക്കൊള്ളിച്ച് ഇരുത്തുവാനായി വലിയ ഹാളില്ലാത്തതിനാൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

# അദ്ധ്യായം - 5

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

പാലക്കാട് ജില്ലയിലെ ഏറ്റവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലൊന്നാണ് കാരക്കാട് ആ കാഴ്ചപ്പാടിൽ നിന്നുകൊണ്ടുള്ള സമഗ്രമായ ചർച്ചയും ആലോചനയും നടത്തിയതിന്റെ പശ്ചാത്തലത്തിൽ 2024-25 അധ്യയന വർഷം മുതൽ സ്കൂളിന്റെ സമഗ്രവികസന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ വിശദാംശങ്ങൾ തുടർന്ന് നൽകുന്നു

### ഭൗതിക സാഹചര്യങ്ങൾ

കമ്പ്യൂട്ടർ ലാബ് - നിലവിലുള്ള ലാബ് ശരിയായ രീതിയിലാണ് പ്രവർത്തിക്കുന്നതെങ്കിലും വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്കും മെച്ചപ്പെട്ട രീതിയിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകണമെങ്കിൽ ഇനിയും ഏറെ കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും ആവശ്യമാണ്.

സ്കൂളിന്റെ പഠനമികവിനും പുരോഗതിക്കുമായി ഈ വർഷം പുതിയ റോബോട്ട് കിറ്റുകളും പഠനത്തിനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(11)

## ആധുനിക സൗകര്യങ്ങളുടെ നിർമ്മാണം

700-ൽ കൂടുതൽ കുട്ടികൾ പഠനം നടത്തുന്ന
ഈ വിദ്യാലയത്തിന് നല്ല സൗകര്യങ്ങളും ഭക്ഷണശാല
യും ഇല്ല. നിലവിലുള്ള സൗകര്യങ്ങളെ ഉൾക്കൊള്ളുവാനും
ഗിൽ ഇരിക്കുന്നതിലും ആവശ്യമായ ഇല്ലാ
ത്തിനാൽ സമ്മർദ്ദിതമാകുമ്പോൾ അന്തരീക്ഷം ഇല്ലാത്തത്
പോരായ്മയായി കാണുന്നു.

## ലൈബ്രറി നവീകരണം

കേന്ദ്രീകൃത ഒരു ലൈബ്രറി എന്നതിനപ്പുറം ക്ലാസ് തലത്തിൽ കുട്ടികൾക്ക് സ്വതന്ത്രമായി ഇഷ്ടമുള്ള സമയത്ത് വായന സാമഗ്രികൾ ലഭ്യമാക്കേണ്ടതുണ്ട്. ഇവിടെയാണ് ക്ലാസ് തല വായന മൂലകൾ പ്രസക്തമാവുന്നത്.

ഓരോ ക്ലാസ് റൂമും ഒരു വായനാമൂലയായി മാറുക എന്ന ലക്ഷ്യത്തോടെ അതിനാവശ്യമായ ചില [illegible] സൗകര്യം ഒരുക്കേണ്ടതുണ്ട്. അതിനായി മുഴുവൻ ക്ലാസ് റൂമുകളും സുരക്ഷിതമാക്കി ഉറപ്പുള്ള വാതിലുകൾ ഘടിപ്പിച്ച് പുസ്തകങ്ങളും മറ്റു പഠന സാമഗ്രികളും ഒതുക്കി വെക്കാനുള്ള അലമാരകളും റാക്കുകളും മറ്റു സംവിധാനങ്ങളും സംഘടിപ്പിക്കേണ്ടതുണ്ട്. ഇതോടൊപ്പം അധികമായി വരുന്ന ഒരു ക്ലാസ് റൂം സ്കൂൾ ലൈബ്രറിയായും നവീകരിക്കേണ്ടതുണ്ട്. ലൈബ്രറിയിലേക്ക് ആവശ്യമായ അലമാരകൾ റാക്കുകൾ എന്നിവ സജ്ജീകരിക്കേണ്ടതിനോടൊപ്പം ഒഴിവു സമയങ്ങളിൽ കുട്ടികൾക്ക് വായിക്കുന്നതിനുള്ള വർത്തമാന പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ ലഭ്യമാക്കുകയും കുട്ടികൾക്ക് തങ്ങളുടെ വൈജ്ഞാനിക മേഖല വികസിപ്പിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള വാർത്താവിനിമയ ഉപാധികൾ [ടെലിവി

ടെലിവിഷൻ ഉൾപ്പെടെ സജ്ജീകരിച്ചിരിക്കുന്നുണ്ട്.

## അക്കാദമിക് രംഗം

### 1) മാതൃഭാഷ ശേഷി വികസനം

മികച്ച മാതൃഭാഷാശേഷി വളർത്തിയെടുക്കുന്നതിന് താഴെ പറയുന്ന പ്രവർത്തനങ്ങൾ പദ്ധതി ലക്ഷ്യമിടുന്നു.

* അമ്മവായന:- പിന്നോക്ക പ്രദേശമായ കാരക്കാട് വിദ്യാലയ പരിധിയിൽ ഉൾപ്പെട്ട വീടുകളിൽ എല്ലാ പ്രായത്തിലും ഉള്ളവരിൽ അമ്മമാരുടെ വായനയും വളരെ കുറവാണ്. ഇതിനായി സ്കൂളിലെ ലൈബ്രറിയിൽ നിന്നും കുട്ടികൾക്ക് വിതരണം ചെയ്യുന്ന പുസ്തകങ്ങൾ അമ്മയും കുട്ടിയും ഒരുമിച്ചിരുന്ന് വായിച്ച് വായനയുടെ പ്രയോജനം രക്ഷിതാക്കളിൽ എത്തിക്കുന്നതിനുള്ള ശ്രമം നടത്താൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിൽ അമ്മമാർക്ക് വായിക്കാനുള്ള പുസ്തകങ്ങൾ കണ്ടെത്തുന്നത് അമ്മയും കുട്ടിയും ഒരുമിച്ച് ചേർന്നായിരിക്കും.

### 2)* എഴുത്ത് - വായന ക്ലബുകൾ

കുട്ടികളുടെ വായനയുടെ ലോകത്തേക്ക് അടുപ്പിക്കുക എന്ന ഉദ്ദേശത്തോടെ പ്രേരക്മാരുടെ നേതൃത്വത്തിൽ എഴുത്ത് വായന ക്ലബുകൾ നടത്താൻ ഉദ്ദേശിക്കുന്നു. ഇവിടെ കുട്ടികളുടെ എഴുത്ത്, വായന, രചനകൾ, പ്രസംഗ പാടവം, ചി

നാടകരചന, കഥാരചന, കവിതാരചന തുടങ്ങിയ ശേഷികൾ പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു.

3) കൈയെഴുത്ത് മാസികകൾ

കുട്ടികളുടെ സർഗശേഷി വർധിപ്പിക്കുന്നതിനായി ക്ലാസ് തലത്തിലും വിദ്യാലയ തലത്തിലും വർഷത്തിൽ ഒരു കൈയെഴുത്ത് മാസികയെങ്കിലും പുറത്തിറക്കാൻ ഉദ്ദേശിക്കുന്നു.

## ക്ലബ്ബ് പ്രവർത്തനങ്ങൾ (15)

ഭാഷ, ശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഗണിത പ്രവർത്തിപ്പ ശാസ്ത്ര ക്ലബ്ബുകൾ ഉണർന്നു പ്രവർത്തിച്ചതോടെ വിദ്യാലയ പഠന അന്തരീക്ഷം നന്നാക്കിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കൂടാതെ, പരിസ്ഥിതി, ആരോഗ്യം, ഹരിത ക്ലബ്ബുകൾ, സ്കൂൾ ജാഗ്രതാ ഗ്രൂപ്പ് എന്നിവയുടെ പ്രവർത്തനം നമ്മൾ സുഗമമായി നടത്തി. ക്ലബ്ബ് ഉദ്ഘാടനങ്ങളിൽ പ്രശസ്തരുടെ സാന്നിദ്ധ്യം പ്രദർശനങ്ങൾ പഠനയാത്രകൾ, അനുഭവങ്ങൾ പങ്കുവയ്ക്കൽ തുടങ്ങിയവ കൂടുതൽ കാര്യക്ഷമമായി നടത്തപ്പെടുന്നുണ്ട്.

## രക്ഷാകർതൃ വിദ്യാഭ്യാസം

രക്ഷാകർതൃ വിദ്യാഭ്യാസത്തിന്റെ ഭാഗമായി വർഷത്തിൽ രണ്ട് പ്രാവശ്യം രക്ഷാകർതൃ ബോധവത്കരണം, രണ്ട് പി.ടി.എ പൊതുയോഗങ്ങൾ. മാസത്തിൽ ഒരു ക്ലാസ് പി.ടി.എ എന്നിവ നടത്തിവരുന്നതോടൊപ്പം കുട്ടികളുടെയും മാനസിക ആരോഗ്യം ലക്ഷ്യമാക്കി പ്രത്യേക കൗൺസലിംഗ് ക്ലാസ്സുകൾ നാം ലക്ഷ്യമിടുന്നു. അതോടൊപ്പം തന്നെ വിദ്യാർത്ഥികളിൽ ആത്മവിശ്വാസം ജനിപ്പിക്കുന്നതിന് ശിശു സൗഹൃദ വിദ്യാലയം എന്ന ലക്ഷ്യം നാം മുന്നിൽ കാണുന്നു. അതിന് എസ്.എസ്.എ, ആരോഗ്യ വകുപ്പ്, തദ്ദേശസ്വയം

ഗണനയന്ത്രങ്ങളുടെ സഹായം കൂടി
തുടർന്ന് പോകുന്നു.

## കല - കായിക പരിശീലനം

കുട്ടികൾ മാനസിക പ്രായോഗിക ജീവിതത്തിൽ നമ്മുടെ കുട്ടികൾ മാനസികവും ശാരീരികവും നിൽക്കുന്നതിലും അവരുടെ മാനസികവും ശാരീരികവുമായ വളർച്ച വളരെ പിന്നിലാണ്. ഇതിനെ മറികടക്കാനായി നമ്മുടെ കുട്ടികൾക്ക് പോഷക ഘടകങ്ങൾ അടങ്ങിയ ഭക്ഷണം നൽകി പ്രഭാത ഭക്ഷണം വരെ നൽകുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു ടീച്ചർ പ്രവർത്തനമെന്ന നിലക്ക് സ്കൂൾ തലത്തിൽ സർവ്വെ നടത്തി കുട്ടികളുടെ കായിക ശേഷി നിലയിൽ താഴെയും പിന്നോക്കം നിൽക്കുന്നവർക്ക് ആവശ്യമായ പോഷകാഹാരം നൽകുന്നതിനും അവർക്ക് വ്യായാമം എന്ന നിലയിലും സ്വയം സുരക്ഷയ്ക്കായും കരാട്ടെ പരിശീലനം തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. കായികരംഗത്ത് ഒരു കൂട്ടം അധ്യാപകരുടെ ഒരു ടീമിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികൾക്ക് പ്രത്യേക സ്പോർട്സ് പരിശീലനം നടത്താൻ ഉദ്ദേശിക്കുന്നു. എന്നാൽ ഇതിനെല്ലാം പ്രതികൂലമായി നിൽക്കുന്നത് സാമ്പത്തിക പരാധീനതകളും സർവ്വോപരി കായികാധ്യാപകന്റെ അഭാവവുമാണ്.

കാരക്കാട് പോലുള്ള പ്രദേശങ്ങളിൽ മാപ്പിള കലാരൂപങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം. പാരമ്പര്യരീതിയിൽ അതിനെ കാത്തുസൂക്ഷിക്കാ

(18) തിരിക്കുന്നതോടൊപ്പം അധ്യാപിക കലാലയങ്ങൾക്ക്
പ്രാധാന്യം നൽകാൻ ഉദ്ദേശിക്കുന്നു.

(20)

സിനാൻ പരിശീലനം

കാലത്ത് പ്രത്യേകം [illegible] നടിയുടെ [illegible]-
ന്റെ അനുഭവമാണ്. അധ്യാപിക കാലഘട്ടത്തിൽ
പഠിച്ച നമ്മുടെ കുട്ടികളെയും, തിരിച്ചറിയും
നാടകങ്ങളും ആലോചനകളും നടപ്പിലാക്കാതെയും
പലം കുട്ടികളിലെ കുട്ടി ഉറ്റ വിലമാക്കുകയും
നമ്മുടെ ജീവിതത്തിന്റെ തെറ്റിയാൽ കുട്ടികളുടെ
അവകാശത്തെ നാം ചിന്തിക്കുകയും ചെയ്യും
പോൾ നൽകുന്നതിന് കുട്ടികളാണ് നിരന്തരി
യാതൊ അവരുടെ ജീവിതം മാറിയത്. ഈ
തിരിച്ചറിവ് മനസ്സിലാക്കിയ നമ്മൾ നിരന്തരിയാത്ത
കുട്ടികളെ പ്രത്യേക ശ്രദ്ധയിലാക്കി അധ്യാപകരുടെ
സഹായത്തിൽ നല്ലവരായ നാട്ടുകാരുടെയും സഹാ
യത്തോടെ പഠിപ്പിക്കുക സിനാൻ പരിശീലനം
നൽകാൻ ഉദ്ദേശിക്കുന്നു.

## ഭാഷകളുടെ പുനരുജ്ജീവനം

കുട്ടികളിൽ ഭാഷാപഠനം കൂടുതൽ കരുത്തുറ്റതാക്കി തീർക്കുന്നതിനായി വിവിധ ഭാഷാ ക്ലബ്ബുകൾ വൈവിധ്യമാർന്ന പദ്ധതികളാണ് നടത്തിവരുന്നത്. ഭാഷാ അസംബ്ലികൾ ഒന്നു കൂടെ കരുത്തുറ്റതാക്കാൻ തീരുമാനിച്ചു. നവോത്ഥാന കലാസാംസ്കാരിക വേദി വായനശാലയുടെ ആഭിമുഖ്യത്തിൽ 'പുസ്തക പ്രദർശനം ഓണാട്ട് സ്കൂളിൽ വെച്ച് നടത്തുന്നതിന് ധാരണ ആയിട്ടുണ്ട്. ജ്യോതിസിന്റെ ആഭിമുഖ്യത്തിൽ വായനാദിനവും അതിനോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ നടത്തി വരുന്നു. വിദ്യാരംഗം കലാസാഹിത്യ വേദിയിൽ കുട്ടികളുടെ മാതൃഭാഷ വളർത്തുന്നതിന് വിവിധ പരിപാടികൾ നടത്തി വരുന്നു. വായനാലോകത്തേക്ക് കുട്ടികളെ ആകർഷിപ്പിക്കുന്നതിനുള്ള നല്ലൊരു പരിപാടിയാണ് പ്രത്യാശിക്കുന്നത്. വായനാദിനത്തോടനുബന്ധിച്ച് നടത്താനാണ് ഉദ്ദേശിക്കുന്നത്.

## ശാസ്ത്രം - ഗണിതം - സാമൂഹ്യശാസ്ത്രം

ശാസ്ത്രം - ഗണിതം - സാമൂഹ്യശാസ്ത്രം എന്നിവ കൂടുതൽ കരുത്തുറ്റതും രസകരമാക്കുന്നതിന്റെ ഭാഗവും ദേശീയ അന്തർദേശീയ തലത്തിൽ പ്രശസ്തരായവരുടെ expert class നൽകുന്നതോടൊപ്പം അടിസ്ഥാന വിവരങ്ങൾ കുറവ് നികത്തുന്നതിനും ഉദ്ദേശിക്കുന്നു. ദിനാചരണങ്ങൾ പ്രാധാന്യത്തിനനുസരിച്ച് അതാത് ക്ലബ്ബുകൾ ഏറ്റെടുത്ത്

സ്കൂൾ തലത്തിൽ ക്വിസ് മത്സരങ്ങളും ചാർട്ട് പ്രദർശനങ്ങളും പ്രത്യേക ക്ലാസുകളും നടത്തിവരുന്നു ഓരോ കുട്ടിക്കും നിരീക്ഷണ പുസ്തകവും, പൊതുവിജ്ഞാന പുസ്തകം. ഗണിതയും സ്വന്തം തയ്യാറാക്കിയിട്ട് കൂടാതെ ശാസ്ത്രമേള ശാസ്ത്ര ലൈബ്രറി ഗണിത ക്ലാസ് തലത്തിൽ ഒരുക്കുന്നതിന് ധാരണയായി ഒരു മാലിന്യ സംസ്കരണ പ്ലാന്റ് ഈ വിദ്യാലയത്തിൽ ഒരു സ്വപ്നമായി ഇന്നും അവശേഷിക്കുന്നു. കൂടാതെ ശില്പശാലകൾ ഫീൽഡ് ട്രിപ്പ് സ്കൂൾ പാർലമെന്റ് ഗണിത എല്ലാ വർഷവും നടത്താൻ ഉദ്ദേശിക്കുന്നു. ശാസ്ത്രജാലകം പഠിക്കുന്ന പ്രദർശനം ചരിത്ര മ്യൂസിയം ഉണ്ടാക്കൽ ചരിത്ര പുരാവസ്തു പ്രദർശനം. ഈ വർഷം പുതുതായി നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളാണ്.

## കരുത്തും കാര്യശേഷിയുമുള്ള അധ്യാപകർ

പ്രശ്ന സങ്കീർണ്ണമായ ആധുനിക കാലഘട്ടത്തിൽ മാനസിക സംഘർഷങ്ങളിൽ നിന്നും പിരിമുറുക്കങ്ങളിൽ നിന്നും അധ്യാപകസമൂഹം വിമുക്തമല്ല. അവരുടെ മാനസിക പിരിമുറുക്കം കുറയ്ക്കാനായി പ്രത്യേക കൗൺസലിംഗ് ക്ലാസുകൾ, യോഗ, മാനേജ്മെന്റ് കോഴ്സുകൾ, വിനോദയാത്രകൾ, മ്യൂസിക് തെറാപ്പി, ഒഴിവുകാല വിനോദങ്ങൾ, അധ്യാപകക്യാമ്പുകൾ, ചർച്ചകൾ, സെമിനാറുകൾ, സിമ്പോസിയങ്ങൾ എന്നിവ നടത്താൻ ഉദ്ദേശിക്കുന്നു.

# നിലവിലെ അവസ്ഥാവിശകലനം

വിദ്യാലയത്തിൽ ആകെ കുട്ടികൾ ആണ് 1 മുതൽ 7 വരെ ക്ലാസിലുള്ളത്. ആകെ ആൺകുട്ടികളും പെൺകുട്ടികളും ഉണ്ട്. ഓരോ ക്ലാസിലെയും ആൺ പെൺ തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

| Class | Boys | Girls | Total |
|---|---|---|---|
| I | 55 | 44 | 99 |
| II | 45 | 36 | 81 |
| III | 43 | 35 | 78 |
| IV | 31 | 33 | 64 |
| V | 63 | 77 | 140 |
| VI | 67 | 60 | 127 |
| VII | 58 | 72 | 130 |
| TOTAL | 362 | 357 | 719 |

# തസ്തികകൾ

ഹെഡ്മാസ്റ്റർ : 1

എൽ.പി.എസ്.എ : 12

യു.പി.എസ്.എ : 11

എൽ.പി. അറബിക് : 2

യു.പി. അറബിക് : 2

ഹിന്ദി : 2

ഉറുദു : 2

ഓഫീസ് അസിസ്റ്റന്റ് : 1

പാചകത്തൊഴിലാളികൾ : 2

# ഒന്നാം ക്ലാസ് ഒന്നാം തരം (24)

ആമുഖം: ഒന്നാം ക്ലാസിലെ കുട്ടികളുടെ സ്വാഭാവിക സമയമാണ് ഉദാ രക്ഷിതാവും ലക്ഷ്യമിടുന്നത് വർധിപ്പിക്കുന്നത്, വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കുന്നതിനാവശ്യമായ ഇടപെടലു കളാണ് ലക്ഷ്യമിടുന്നത്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക. | * ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു. രക്ഷിതാക്കൾക്ക് കഥ പറയൽ പരിശീലനം. | ജൂൺ | SRG, Class Teacher | |
| | * കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു. ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു. കഥ ശില്പശാല. ശിശുസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നു. ആശയ ചാർട്ടുകൾ - അക്ഷരകാർഡുകൾ | ജൂലൈ | " | 1500/- |
| 2. എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ആവശ്യമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവുനേടുന്നതിന് പ്രാപ്തരാക്കുക. | * തിയേറ്റർ സാധ്യതകൾ, വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകർഷിക്കൽ, കഥകളുടെ പുനരാവതരണം - വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെ | | | |
| 3. ഒറ്റസംഖ്യയും ഇരട്ടസംഖ്യയും ഉൾപ്പെടുന്ന (1 to 20) ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന് കഴിവ് നേടുക. | * ചിത്രവായന - കുട്ടികളുടെ വായിക്ക് പ്രേരണകൾ, ചിത്ര വായനകാർഡുകൾ തയ്യാറാക്കൽ, കൂട്ടുവായനയിലൂടെ | ആഗസ്റ്റ് | " | |
| | * ലളിതമായ വായനകാർഡുകളുടെ സഹായത്തോടെ വായിക്കുന്ന വേദികളിൽ സ്വതന്ത്ര വായിക്കപ്പെടുന്നു | സെപ്റ്റംബർ | " | |
| 4. തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാകുക. | * ICT സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നു. കുട്ടി പറയുന്ന കഥ Tr ഉം രക്ഷിതാവും എഴുതുന്നു | ഒക്ടോബർ | " | 1500/- |
| | | നവംബർ | " | |
| | * നാടകവായന - കുട്ടികൾ നിർമ്മിച്ച കഥകൾ അവർ തന്നെ വായിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു | | | 1500/- |
| 5. കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസക്ഷമതയും ഉറപ്പാക്കുക | | ജനുവരി | " | |
| 6. ഇംഗ്ലീഷ് ഭാഷയിൽ തെറ്റുകൂടാതെ ആശയവിനിമയം നടത്താനും വായനക്ഷമത പ്രോത്സാഹനവുമാക്കുക | * ചെറിയ ചെറിയ ബാലസാഹിത്യകൃതികൾ ക്ലാസ് ലൈബ്രറിയിൽ തയ്യാറാക്കുന്നു. കുട്ടികൾ വായിക്കുന്ന സാഹിത്യ പുസ്തകങ്ങൾ വായിക്കുന്നു. * Reading Cards, Jumpled words, Puzzles, matching Cards | ഫെബ്രുവരി | " | |

# മാതൃഭാഷാ ശേഷി വികസനം

| ലക്ഷ്യം | ഉപലക്ഷ്യങ്ങൾ/ പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാതൃഭാഷയുടെ സുഗമമായ ഉപയോഗം. അനായാസം മേഖലയിൽ എഴുതാനും സംസാരിക്കാനും വിഷമതകൾ നേരിടുന്ന കുട്ടികളെ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുക. സർഗ്ഗാത്മക ശേഷി വികസിപ്പിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ. | 1) ഓരോ കുട്ടികളുടെയും ഭാഷയിലെ പരിമിതികൾ തിരിച്ചറിയൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ (മലയാളം അധ്യാപകർ, SRG) | PTA and സ്റ്റാഫ് |
| | 2) എഴുത്ത്, വായന, സംഭാഷണം, വിശകലനം നടത്തൽ, പ്രീടെസ്റ്റ് | " | | |
| | 3) പരിഹാരബോധന പ്രവർത്തനം | " | | |
| | 4) ക്ലാസ്തല മോണിറ്ററിംഗ് നിരീക്ഷണം | " | | |
| | 5) ~~IT~~ ICT സഹായത്തോടെ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ | " | | |
| | 6) വിവിധ ക്ലാസ് സാഹിത്യ സമാജം, ക്ലാസ്തല കൈയെഴുത്ത് മാസിക എന്നിവയുടെ നിർമ്മാണം. | " | | |
| | 7) സ്കൂൾ ലൈബ്രറി ക്ലാസ് ലൈബ്രറി എന്നിവയുടെ വിപുലമായ ഉപയോഗം. | " | | |

ward number: വന്നാന്തങ്ങൾ

# അറബിക് ഭാഷാ ശേഷി വികസനം

L.P 2022

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകൾ | ചുമതല |
|---|---|---|---|
| അറബിക് ഭാഷാ ശേഷി വികസനം | ഓരോ കുട്ടിയുടെയും ഭാഷയിലെ കഴിവുകളും പരിമിതികളും കണ്ടെത്തൽ<br>വായന പ്രീടെസ്റ്റ് | 2025 ജൂൺ ആദ്യ ആഴ്ച | H.M & അറബിക് അധ്യാപകർ |
| എല്ലാ കുട്ടികൾക്കും അറബിക് നന്നായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുന്നതോടൊപ്പം വിവിധ Discourse കൈകാര്യം ചെയ്യാനുള്ള കഴിവ് വളർത്തിയെടുക്കുക | ഭാഷ കൈകാര്യം ചെയ്യുന്നതിനു 22 കുറവുകൾ കണ്ടെത്തി പ്രവർത്തന പാഠങ്ങൾ തയ്യാറാക്കുക | ജൂൺ 2025 3, 4 ആഴ്ച | H.M & അറബിക് അധ്യാപകർ |
| | ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് മാത്രം അറബിക് പദാവലിയിലൂടെ പ്രത്യേക പരിപാടി തയ്യാറാക്കുക | ജൂലൈ ആദ്യ ആഴ്ച മുതൽ ഒരു മാസം<br>സെപ്റ്റംബർ മുതൽ ജനുവരി വരെ | H.M & അറബിക് അധ്യാപകർ |
| ക്ലാസ് തല നിലവാരങ്ങൾ ചിന്തകൾ | ICT അധിഷ്ഠിത പ്രവർത്തനം ഏർപ്പെടുത്തുക | ജൂൺ - മാർച്ച് | |
| ക്ലാസിൽ ഭാഷാ അന്തരീക്ഷം സൃഷ്ടിക്കൽ<br>AEO, HM, PTA ward number | സെമിനാർ, ചർച്ച അനുമോദനം സദസ്സുകൾ സംഘാടനം നടത്തി വരാനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ 2025 | |

# ഉറുദു ഭാഷാശേഷി വികസനം

| ലക്ഷ്യം | ഉപലക്ഷ്യങ്ങൾ/ പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉറുദു ഭാഷാ ശേഷി വികസനം | (1) കുട്ടികൾക്ക് ഭാഷയിലെ കഴിവുകളും പരിമിതികളും കണ്ടെത്തൽ | 2025 ആദ്യ ആഴ്ച | ഉറുദു S.R.G | |
| | (2) പരിമിതികൾ പരിഹരിക്കാനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | ജൂൺ 2-3 ആഴ്ച | H.M ഉറുദു | |
| (1) കുട്ടികൾക്ക് ഉറുദു നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും കഴിവും ആത്മവിശ്വാസം വളർത്തിയെടുക്കുന്നു | (3) കൈയ്യെഴുത്ത്, ഭാഷാക്ലാസ് | | | |
| | (4) ക്ലാസ് റൂം വായനമൂലയും പതിപ്പുകളും | ജൂൺ 4-ാമത്തെ ആഴ്ച മുതൽ മാസം | | |
| | (5) കവിത, കഥ, എന്നിവയും അവതരണാത്മക പ്രവർത്തനങ്ങൾ. | | | |
| | (6) കവിത, കഥ, നാടകം, കത്ത് തുടങ്ങിയ രചനാ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ | ജൂലൈ, സെപ്തംബർ നവംബർ ജനുവരി | ക്ലാസ് ടീച്ചർ ഉറുദു അധ്യാപിക | |
| | | ജൂൺ മാർച്ച് | ഉറുദു അധ്യാപിക | |
| | | ജൂൺ മുതൽ മാർച്ച് | ഉറുദു അധ്യാപിക. | |
| | | 2025 ജൂൺ മുതൽ മാർച്ച് 2026 | സ്കൂൾ ലൈബ്രറി കോർഡിനേറ്റർ. | |

# ശാസ്ത്ര പഠന പരിപോഷണം

| ലക്ഷ്യം | ഉപലക്ഷ്യങ്ങൾ/ പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്രം സത്യമാണ് എന്ന തിരിച്ചറിവ് ഉണ്ടാക്കിയെടുക്കുക. | 1. ഓരോ കുട്ടിക്കും സയൻസ് കിറ്റ് - ആവശ്യമായ സാധനങ്ങൾ കണ്ടെത്തുകയും ശേഖരിക്കുകയും ചെയ്യുക. വീട്ടിലും ക്ലാസിലും ശാസ്ത്രമൂലകൾ തയ്യാറാക്കാൻ പ്രേരിപ്പിക്കുക. | June - July | Science Teacher | |
| • ശാസ്ത്രപഠന പ്രക്രിയയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | 2. ശാസ്ത്ര പുസ്തകങ്ങൾ ശേഖരിക്കുകയും ശാസ്ത്ര ലൈബ്രറി ക്ലാസിൽ തയ്യാറാക്കുകയും ചെയ്യുക. | August | Science Teacher | |
| • പ്രകൃതിയും പ്രപഞ്ചവും ആയി ബന്ധപ്പെട്ടുള്ള ശാസ്ത്രത്തിന്റെ തത്വങ്ങൾ കണ്ടെത്താനുള്ള താല്പര്യം വളർത്തിയെടുക്കുന്നു. | 3. ശാസ്ത്ര ശില്പശാല LP UP തലത്തിൽ നടത്തുക. ഓസോൺ ദിനത്തിൽ പ്രഭാഷണം. വീഡിയോ പ്രദർശനം. ICT സാധ്യത | September october | Science Teacher | 2000/- |
| • ശാസ്ത്രാശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെട്ട കുട്ടികളെ തയ്യാറാക്കുക. | 4. പ്രാദേശിക ഗവേഷണ കേന്ദ്രങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് | November | Science Teacher | 2000/- |
| • ശാസ്ത്രവുമായി ബന്ധപ്പെട്ട സാമൂഹിക പ്രതിബദ്ധതയുള്ള കാര്യങ്ങളിൽ പങ്കാളികളാവാൻ താല്പര്യമുണ്ടാക്കിയെടുക്കുന്നു. | 5. ശാസ്ത്ര ജാലകം പതിപ്പ് പ്രകാശനവും പുതിയ ശാസ്ത്ര അറിവുകൾ പങ്കുവെക്കലും. | December march | Science Teacher | 1000/- |

| | | | | |
|---|---|---|---|---|
| മോണിറ്ററിംഗ്<br>AEO/ BPO<br>HM President<br>PTA/ MTA<br>Ward Councillor<br>SSG Chairman | (29)<br>6. മാലിന്യ സംസ്കരണ പ്ലാന്റ് വിദ്യാലയത്തിൽ ഒരുക്കൽ | June - March | വിദ്യാലയ വികസന സമിതി | 100000/- |

# സാമൂഹ്യ ശാസ്ത്ര പഠന പരിപോഷണ പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നു. നമ്മുടെ ഭരണഘടന, ചരിത്രം, ഭൂമിശാസ്ത്രം എന്നീ മേഖലകളിൽ കുട്ടികൾക്കുള്ള ധാരണ പോഷിപ്പിക്കാൻ അനുഭവം നൽകി കാര്യക്ഷമമാക്കി. | എല്ലാ ദിവസവും പത്രം വായിച്ച് മനുഷ്യധ്വംസന വർഗീയ സ്ത്രീ വിരുദ്ധ ബാലവേല, ബാലപീഡനം തുടങ്ങിയ വിഷയങ്ങൾ നിരീക്ഷിച്ച് കുട്ടികളുടെ നിരീക്ഷണ പുസ്തകത്തിൽ രേഖപ്പെടുത്തുന്നു. | 2025 June to 2026 March | സോഷ്യൽ സയൻസ് അധ്യാപകർ | |
| | സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് വിവിധ ഘട്ടങ്ങൾ | 2025 July August | സോഷ്യൽ സയൻസ് അധ്യാപകർ | |
| | ചരിത്ര മ്യൂസിയം ഉണ്ടാക്കലും, ചരിത്ര പുരാവസ്തു പ്രദർശനവും | 2025 January to March | സോഷ്യൽ സയൻസ് അധ്യാപകർ | 1500/- |
| | ചരിത്ര പ്രധാനമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര | 2025 November | സോഷ്യൽ സയൻസ് അധ്യാപകർ | |
| | സാമൂഹ്യ ശാസ്ത്ര ഉപകരണങ്ങളുടെ ശില്പശാല | 2026 January | സോഷ്യൽ സയൻസ് അധ്യാപകർ | 2000/- |

## ഉപമേഖല : ഗണിതശേഷി വികസനം

| ലക്ഷ്യം | ഉപലക്ഷ്യങ്ങൾ/ പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം എന്ന വിഷയത്തോടുള്ള ഭയവും വിരസതയും ഒഴിവാക്കി ഗണിതപഠനം ആസ്വാദ്യകരവും രസകരവും ആക്കുന്നതിലൂടെ അതാത് ക്ലാസുകളിൽ നേടേണ്ട ശേഷികൾ നേടി എന്ന് ഉറപ്പു വരുത്തുക. | 1. യു.പി ക്ലാസുകളിൽ ഗുണനം, ഹരണം എന്നിവയും ഗുണനപട്ടികയും ഉറപ്പിക്കുന്നതിനുള്ള ആകർഷകവും വൈവിധ്യമുള്ളതുമായ പ്രവർത്തനങ്ങൾ ആവർത്തിച്ചു നൽകുന്നു. | ജൂൺ മുതൽ മെയ് വരെ | ഗണിത അധ്യാപകർ ക്ലാസ് അധ്യാപകർ | |
| | 2. ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഗണിത ശില്പശാല സംഘടിപ്പിക്കുന്നു | ആഗസ്റ്റ് | ഗണിത ക്ലബ്ബ് അംഗങ്ങളായ അധ്യാപകർ | 7000/- |
| ഗണിതത്തോട് താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകി ഗണിതശേഷി കൂടുതൽ മെച്ചപ്പെടുത്തുക. | 3. ഗണിത ശാസ്ത്രജ്ഞന്മാരെ ഓർമ്മിക്കുവാനായി ദിനാചരണങ്ങൾ ആഘോഷിക്കുന്നു. | ഡിസംബർ, മാർച്ച് | ഗണിത വിദഗ്ധർ | |
| | 4. ഗണിത കിറ്റ് ബോക്സിൽ തയ്യാറാക്കൽ | സെപ്റ്റംബർ, ഒക്ടോബർ | ഗണിത അധ്യാപകർ കുട്ടികൾ | |
| കുട്ടികളുടെ ചിന്താശേഷി വർദ്ധിപ്പിക്കാവുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നൽകുക. | 5. സ്വയം നിർമ്മിക്കുന്നതും അല്ലാത്തവയും ഉള്ള ഗണിത ഉല്പന്നങ്ങൾ ഉൾക്കൊള്ളുന്ന ഗണിത ലാബ് | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ | |
| | 6. നിത്യ ജീവിതത്തിൽ ഗണിതം ഉപയോഗിക്കുന്ന സന്ദർഭങ്ങളെ കുറിച്ചുള്ള ലിസ്റ്റ് തയ്യാറാക്കൽ | നവംബർ | കുട്ടികൾ | |
| | 7. ഗണിത പഠനത്തിന് ഓരോ ക്ലാസിലേക്കും ഉള്ള ICT സാധ്യതകൾ ഉപയോഗപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് വരെ | ഗണിതാധ്യാപകർ ICT കോ-ഓർഡിനേറ്റർ | |

| ലക്ഷ്യം | ഇംഗ്ലീഷ് ഭാഷാശേഷി വികസനം ഉപലക്ഷ്യങ്ങൾ/പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ആത്മവിശ്വാസത്തോടെയും, ശരിയായ രീതിയിലും വായിക്കാനും എഴുതാനും, സംസാരിക്കാനുമുള്ള കഴിവ് വികസിപ്പിക്കൽ | 1. പ്രീ ടെസ്റ്റ് – ഓറൽ/എഴുത്ത് പരീക്ഷ നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തൽ | (1 year) ജൂൺ – ആദ്യ വാരം | English teachers SRG | 250/- |
| | 2. CPTA യോഗം, PTA എക്സിക്യൂട്ടീവ് യോഗം | ജൂൺ – രണ്ടാം വാരം | HM | 1000/- |
| | 3. പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കൽ/ശേഖരിക്കൽ | ജൂൺ – അവസാന വാരം | English teacher SRG convention | |
| | 4. ഇംഗ്ലീഷ് പതിപ്പുകൾ, മാഗസിനുകൾ തയ്യാറാക്കൽ | മാസത്തിൽ 1 | English teacher club members | 2000/- |
| | 5. ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ 2 | English teacher | |
| | 6. ഇംഗ്ലീഷ് ഡയറി തയ്യാറാക്കൽ | | | |
| | 7. ഇംഗ്ലീഷ് ഫെസ്റ്റ് | ജനുവരി | SRG, PTA, Students | 2000/- |
| | 8. Class test, Reading test | എല്ലാമാസവും | | |
| | 9. സ്പോക്കൺ ഇംഗ്ലീഷ് class | ആഴ്ചയിൽ 1 | | |
| | 10. ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി- ഇംഗ്ലീഷ് നോട്ടീസ് ബോർഡ് | | | 4000/- |
| | 11. ഇംഗ്ലീഷ് literary workshops - by experts | February | | |
| | 12. Rapid English acquisition Programme for speaking and writing | | English teacher | |
| | 13. English language lab and ICT Lab | | | 25000/- |

A M U P School Karakkad
Academic masterplan 2025-26
UP Hindi

| Sl No | പ്രോഗ്രാം | പ്രവർത്തനങ്ങൾ | സമയം | ഉൽപന്നം | പിന്തുണ |
|---|---|---|---|---|---|
| 1 | UP ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1. അക്ഷരം എഴുത്ത്<br>2. ചിത്രം ഉപയോഗിക്കൽ<br>3. അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>4 ക്ലാസിൽ അക്ഷരമാല പ്രദർശനം<br>5 വാക്കുകൾ നിർമ്മിക്കൽ<br>6 വാക്യങ്ങൾ നിർമ്മിക്കൽ | ജൂൺ മുതൽ ആഗസ്റ്റ് വരെ | അക്ഷര ചാർട്ട് പാഠപുസ്തകം | BRC<br>DIET<br>റിസോഴ്സ് പേഴ്സൺ |
| 2 | വീട് ഒരു വിദ്യാലയം കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ എല്ലാ വസ്തുക്കളുടെയും പേര് ഹിന്ദിയിൽ പഠിക്കുക | 1 ഗൃഹോപകരണങ്ങളുടെ പേരുകൾ ഹിന്ദിയിൽ പരിചയപ്പെടുത്തൽ<br>2. ICT സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>3 CWSN കുട്ടികളുടെ പങ്കാളിത്തം | സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി നിഘണ്ടു | PTA<br>BRC |
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക ചിന്തകൾ വികസിപ്പിക്കാനുമുള്ള അവസരം | 1 ഹിന്ദി അസംബ്ലി ദിനാചരണങ്ങൾ ഹിന്ദി ദിനാഘോഷം (സെപ്റ്റംബർ 14 ജനുവരി 10)<br>2 ക്ലാസ് ലൈബ്രറി<br>3 ചിത്രം<br>4 അടിക്കുറിപ്പ്<br>5 ~~ചിത്രം~~ കഥപറയൽ<br>6 വായനാമൂല<br>7 ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | നവംബർ മുതൽ ഫെബ്രുവരി വരെ | പുസ്തകങ്ങൾ | BRC<br>DIET<br>PTA |

## ഉപമേഖല: പ്രവൃത്തി പരിചയ പഠനം

| ലക്ഷ്യം | ഉപലക്ഷ്യങ്ങൾ/ പ്രവർത്തനങ്ങൾ | ചുമതല | പ്രവർത്തന കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിലെ കലാ നിർമ്മാണ പ്രവർത്തനങ്ങളിലെ കഴിവുകൾ തിരിച്ചറിഞ്ഞ് പരിശീലനം നൽകുന്നതിനും ഉത്പന്നങ്ങൾ സമൂഹത്തിന് പ്രയോജനപ്പെടുന്ന രീതിയിൽ ഉപയോഗിക്കുന്നതിനും ലക്ഷ്യമിടുന്നതാണ് ഈ പദ്ധതി. | • SRG അവലോചനായോഗം<br>• P.T.A അവലോചനായോഗം | 4 | July/ August | |
| | • പ്രവൃത്തിപരിചയക്യാമ്പ് 3-ദിവസം<br>3-7 വരെ ക്ലാസുകളിലെ കുട്ടികളെ ഗ്രൂപ്പുകളാക്കി നിർമ്മാണ പ്രവർത്തനങ്ങൾ. | SRG, PTA WE Teacher | Sep/ october | |
| | • ഒറിഗാമി, സോപ്പു നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം, ചിത്രത്തുന്നൽ, വെജിറ്റബിൾ പ്രിന്റിംഗ്, ഫാബ്രിക് പെയിന്റിംഗ്, തുണി സഞ്ചി നിർമ്മാണം, പാഴ് വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണം, വർണ്ണക്കടലാസ് കൊണ്ടുള്ള വിവിധ പ്രവർത്തനങ്ങൾ തുടങ്ങിയ വിഭാഗങ്ങൾ | SRG, PTA School Parliament | Nov/ Dec | 1500/- PTA, SSG |
| | • ഉത്പന്നപ്രദർശനം | WE Teacher | | |
| | • പ്രതിവാര പരിശീലനം. | SRG | | |

# അറബിക് ഭാഷാ ശേഷി വികസനം LP 2025

| ലക്ഷ്യം | ഉപലക്ഷ്യങ്ങൾ/ പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | |
|---|---|---|---|---|
| വായന, എഴുത്ത് എന്നീ ശേഷികൾ നേടുക. | ഭാഷയിലെ കഴിവുകളും പരിമിതികളും കണ്ടെത്തൽ (വായന - എഴുത്ത്) (ടെസ്റ്റ്) | ജൂൺ - ആദ്യ 2 ആഴ്ച | അറബിക് അധ്യാപകർ | |
| എല്ലാ കുട്ടികളും അറബി ഭാഷ എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുന്നതോടൊപ്പം ഭാഷയിലെ വിവിധ രൂപങ്ങൾ മികച്ച രൂപത്തിൽ കൈകാര്യം ചെയ്യാനുള്ള കഴിവും ആത്മവിശ്വാസവും വളർത്തിയെടുക്കുക | കുട്ടികളുടെ പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കൽ | ജൂൺ - അവസാന 2 ആഴ്ച | | |
| | 'ഹയ്‌വ' അറബിക് എഴുത്തിലും വായനയിലും ഏറ്റവും പുറകിൽ നിൽക്കുന്നവർക്കുള്ള പരിപാടി. | ജൂലൈ 1 മാസം | HM അറബിക് അധ്യാപകർ | |
| | ICT ഉപയോഗിച്ച് ചുറ്റുപാടുകളുള്ള വസ്തുക്കളെ കണ്ടെത്തുന്നു.<br>ICT ഉപയോഗിച്ച് ചിത്രം കാണിച്ച് അക്ഷരം വായിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് | അറബിക് അധ്യാപകർ | |
| | അധ്യാപകന്റെ ചെറിയ ചോദ്യങ്ങളിലൂടെ ചിത്രങ്ങൾ നോക്കി ലഘുവാക്യങ്ങൾ എഴുതാനും വായിക്കാനും കഴിയുന്നു.<br>പിന്നോക്കക്കാർ ചിത്രം നോക്കി നിറം നൽകുന്നു. | ഒക്ടോബർ നവംബർ ഡിസംബർ | അറബിക് അധ്യാപകർ | |
| | വായനാ കാർഡ് നോക്കി പരിചയ പദങ്ങൾ കണ്ടെത്തുന്നു.<br>കുട്ടികൾക്ക് വായനാകാർഡ് നൽകി അവ വീട്ടിൽ നിന്ന് രക്ഷിതാക്കളുടെ സാന്നിധ്യത്തിൽ വായിച്ച് വീഡിയോ ഗ്രൂപ്പിലിടുന്നു. | ജൂൺ മുതൽ മാർച്ച് | രക്ഷിതാക്കൾ അറബിക് അധ്യാപകർ | |

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

# 2025- 2026

# ക്ലാസ് -1

## ആമുഖം

ഒന്നാം ക്ലാസിലെ സമഗ്രവികസനമാണ് ഈ [illegible] രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നതിനൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാ ദിശയിലുള്ള ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. ഈ വർഷം ആദ്യം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്നത്.

| ലക്ഷ്യങ്ങൾ | പ്രവർത്തന പദ്ധതി |
| --- | --- |
| ഒന്നാം ക്ലാസിലെ കുട്ടികളുടെ ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം ഉൾക്കൊള്ളാൻ കഴിവുള്ളവരാക്കുക. കുട്ടികൾക്കും സ്വന്തം ആശയങ്ങൾ മറ്റുള്ളവരോട് സങ്കോചമില്ലാതെ ലളിത വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പ് വരുത്തുക | * ജൂൺ:- ടീച്ചറും രക്ഷിതാക്കളും പറഞ്ഞു തരുന്ന ഓരോ കഥകളിലെ ആശയം മറ്റുള്ളവരുമായി കഥ പറയാൻ പങ്കിടുന്നു. (രക്ഷിതാക്കൾക്ക് കഥ പറയാൻ പരിശീലനം)<br>* ജൂലൈ:- ടീച്ചറും രക്ഷിതാക്കളും കഥാപുസ്തകങ്ങൾ ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു. ഓരോ കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു. ക്ലാസ് ലൈബ്രറി സജ്ജമാക്കുന്നു.<br>[illegible] അക്ഷരജ്ഞാനം ഉറപ്പ് വരുത്താൻ ആകർഷകമായ രീതിയിൽ പല നിറത്തിലും വലിപ്പത്തിലും നിർമ്മിച്ച് ക്ലാസുകളിൽ അക്ഷരകാർഡുകൾ തൂക്കുന്നു.<br>സെപ്റ്റംബർ:- ചിത്രവായന നടത്തി പ്രധാനപ്പെട്ട കാര്യങ്ങൾ വാചികമായി പങ്കിടുന്നു (കുട്ടികളുടെ വാചിക പ്രകടനങ്ങൾ)<br>ഒക്ടോബർ<br>ലളിതമായ വായന, കാർഡുകൾ സ്വന്തമായി തന്നെ വായിക്കുന്നു കുട്ടിയുടെ സ്വന്ത [illegible] ഒരു കഥ പറയൽ |

നവംബർ

ചിത്രത്തെ അടിസ്ഥാനമാക്കി
കുട്ടി ഉണ്ടാക്കിയ കഥ ടീച്ച
റും കുട്ടികളും ചേർ
ന്നു. കുട്ടി സഹായത്തോടെ
വായിക്കുന്നു

ജനുവരി:-

ടീച്ചർ തയ്യാറാക്കിയ
കഥകൾ ചാർട്ടിൽ പ്രദർശി
പ്പിക്കുന്നു. കുട്ടികൾ വായിക്കു
ന്നു. വായനാ കാർഡുകൾ
രക്ഷിതാക്കളുടെ പിന്തുണ
യോടെ വായിക്കുന്നു.

മാർച്ച്:- ചിത്രകഥ പു
സ്തകങ്ങൾ വായിക്കുന്നു
നവമാധ്യമങ്ങളിൽ പങ്കിടു
ന്നു. ബ്ലോഗ്, മാസിക, ദിന
പതിപ്പുകളിൽ തന്
സ്വയം നിർമ്മിത കഥകൾ
വായിക്കാൻ വായനാകാർഡു
കൾ തയ്യാറാക്കി വിതരണം
ചെയ്യൽ

ക്ലാസ് ലൈബ്രറിയിൽ
10 - പുസ്തകങ്ങൾ എങ്കിലും
ഉണ്ട്, കുട്ടികൾക്കും വായിക്കു
